പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2033 — 12.02.2013-ൽ മറുപടിക്ക്

## മൽസ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ<br>,, കെ. മുരളീധരൻ<br>,, വി.ഡി. സതീശൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മൽസ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) മത്സ്യത്തൊഴിലാളികൾക്കായുള്ള ബയോമെട്രിക് തിരിച്ചറിയൽ കാർഡ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 2012 ആഗസ്റ്റ് മുതൽ വിതരണം ചെയ്തുവരുന്നു. പാലക്കാട് ഐ.റ്റി.ഐ. ആണ് പ്രസ്തുത കാർഡ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനുള്ള വിവരശേഖരണവും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരമാണ് നടത്തിയിരുന്നത്. ആദ്യഘട്ടമായി ഐ.റ്റി.ഐ ലഭ്യമാക്കിയ 99594 തീരദേശ മത്സ്യത്തൊഴിലാളികളുടെ തിരിച്ചറിയൽ കാർഡുകളിൽ 97220 എണ്ണം വിതരണം നടത്തിയിട്ടുണ്ട്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കാർഡുകൾ കൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ബയോമെട്രിക്ക് തിരിച്ചറിൽ കാർഡ് കൊണ്ടുള്ള ഗുണങ്ങളും മറ്റു വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) 100% കേന്ദ്ര സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കുള്ള ബയോമെട്രിക്ക് തിരിച്ചറിൽ കാർഡ് വിതരണ പദ്ധതിയ്ക്കായി 112 ലക്ഷം രൂപ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ

അസൽ

കേരള സർക്കാർ
ഫിഷറീസ് വകുപ്പ്

सत्यमेव जयते

# ഭാരത സർക്കാർ

കേരള മത്സ്യത്തൊഴിലാളി
ക്ഷേമനിധി ബോർഡ്

കൃഷി മന്ത്രാലയം
മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന വകുപ്പ്
കൃഷിഭവൻ
ഡോ. രാജേന്ദ്രപ്രസാദ് റോഡ്, ന്യൂഡൽഹി - 110 001

## തീരദേശ മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്

**(എ) തീരദേശ മത്സ്യത്തൊഴിലാളി തിരിച്ചറിയൽ കാർഡിലെ വിവരങ്ങൾ**

1. ഭാരതത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അത്യാവശ്യം വേണ്ട കാർഡാണിത്. ഇതിൽ ഓരോ മത്സ്യത്തൊഴിലാളിക്കും പ്രത്യേകമായ തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ എല്ലായിടത്തും വിശിഷ്യാ ഇന്ത്യൻ തീരദേശത്ത് അംഗീകരിക്കപ്പെട്ട ബയോമെട്രിക്ക് കാർഡാണിത്. ഇതിൽ തിരിച്ചറിയൽ നമ്പർ, വ്യക്തിഗത വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. മത്സ്യത്തൊഴിലാളി തിരിച്ചറിയൽ നമ്പർ, വിരലടയാളം, ജനനതീയതി, ലിംഗം, അച്ഛന്റെ/അമ്മയുടെ പേര്, ഫോട്ടോ എന്നിവ അടങ്ങുന്ന ബയോമെട്രിക് കാർഡാണ്. പ്രസ്തുത വിവരങ്ങൾ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളതോടൊപ്പം വ്യക്തിഗത വിവരങ്ങൾ അതിസൂക്ഷ്മ ചിപ്പുകളിലാക്കി കാർഡിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളതുമാണ്.
3. ഒൻപത് തീരദേശ സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും സൂക്ഷ്മ പരിശോധന നടത്തിയ 18 വയസും അതിനു മുകളിലുമുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും മാത്രമാണ് ഈ പദ്ധതിയുടെ ഭാഗമായി കാർഡ് വിതരണം ചെയ്യുന്നത്. നിങ്ങളാണ് ആദ്യം കാർഡ് വാങ്ങാൻ ഭാഗ്യം ലഭിച്ചവർ.
4. ഇനി പറയുന്ന കാര്യങ്ങളിൽ നിങ്ങളെ പ്രാപ്തമാക്കുന്നതിനും സഹായിക്കുന്നതിനും ഈ ~~ബയോമെട്രിക് കാർഡുകൾ ഉപകരിക്കുന്നു.~~

- ♦ ഇന്ത്യൻ പൗരനാണെന്ന് സ്ഥാപിക്കാൻ
- ♦ ഇന്ത്യൻ തീരദേശ മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളിയാണെന്ന് സ്ഥാപിക്കാൻ
- ♦ സ്ഥിരതാമസ വിവരങ്ങൾ സ്ഥാപിക്കാൻ
- ♦ വയസ്സും ജനനതീയതിയും തെളിയിക്കുന്നതിന്
- ♦ ഭൂമി, സ്ഥാവര ജംഗമ സ്വത്തുക്കളുടെ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, ടെലിഫോൺ/മൊബൈൽ/ഗ്യാസ് കണക്ഷൻ എടുക്കുന്നതിന്, ഡ്രൈവിംഗ് ലൈസൻസ്/വാഹന രജിസ്ട്രേഷൻ, റേഷൻ കാർഡ്, പാസ്പോർട്ട്, ബാങ്ക് അക്കൗണ്ട് എന്നിവയ്ക്ക് അപേക്ഷിക്കുമ്പോൾ ഹാജരാക്കാനുള്ള തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം.
- ♦ രാജ്യത്തിന്റെ തീരദേശത്ത് സുരക്ഷിതമായി മത്സ്യബന്ധനം നടത്തുന്നതിന്

### (ബി) കാർഡ് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. നിങ്ങളുടെ ഒരു പ്രധാനപ്പെട്ട തിരിച്ചറിയൽ രേഖയാണ് ബയോമെട്രിക് കാർഡ്. ഓഫീസുകളുമായും മറ്റുമുള്ള ഇടപാടുകൾക്ക് നിങ്ങളുടെ പേര്, മേൽവിലാസം, ജനനതീയതി എന്നിവ തെളിയിക്കുന്നതിന് ഇത് ഹാജരാക്കാവുന്നതാണ്.

   താഴെ പറയുന്ന സ്ഥാപനങ്ങളിലും ഇത് ഹാജരാക്കാവുന്നതാണ്.

   i. കേന്ദ്ര മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന വകുപ്പ് കൃഷി മന്ത്രാലയം.
   ii. ഇന്ത്യൻ കോസ്റ്റ് ഗാർഡ്
   iii. ഇന്ത്യൻ നേവി
   iv. എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മത്സ്യബന്ധനവകുപ്പുകൾ
   v. മറൈൻ, ലോക്കൽ പോലീസ് സ്റ്റേഷനുകൾ
   vi. റവന്യൂ വകുപ്പ്
   vii. ജില്ലാ കളക്ടറേറ്റ്, താലൂക്കാഫീസ്, ആർ.റ്റി.ഒ. ഓഫീസുകളിൽ ഡ്രൈവിംഗ് ലൈസൻസിന്, ബാങ്ക്, പാസ്പോർട്ട് ഓഫീസ്, സേവനദാതാക്കൾ (ടെലിഫോൺ/മൊബൈൽ കമ്പനികൾ/ഗ്യാസ് ഏജൻസികൾ തുടങ്ങിയവ)

2. കാർഡ് റീഡർ സംവിധാനമുള്ള ഓഫീസുകളിൽ കാർഡുടമയുടെ പേര്, ജനനതീയതി, മേൽവിലാസം, വൈവാഹികാവസ്ഥ, അവകാശിയുടെ പേര് തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാം. ഈ ചിപ്പിൽ നിങ്ങളുടെ ഇപ്പോഴത്തെ/സ്ഥിരമായ അഡ്രസ്സ്, കല്യാണം കഴിഞ്ഞതാണോ അല്ലയോ, പങ്കാളിയുടെ പേര് തുടങ്ങിയ അധികവിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

3. സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരിയോ, പോലീസോ, അർദ്ധസൈനിക വിഭാഗങ്ങളോ, കോസ്റ്റൽ പട്രോൾ സംഘമോ നിങ്ങളെ പിടികൂടുകയോ, കുറ്റം ചുമത്തപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട പോലീസ് അധികാരികൾക്കു മുന്നിൽ നിങ്ങൾക്കു ഈ കാർഡ് ഹാജരാക്കാവുന്നതാണ്. പരിശോധനപൂർത്തിയായി കഴിഞ്ഞാൽ കാർഡ് ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടാത്തപക്ഷം കാർഡ് നഷ്ടപ്പെടാതെ തിരിച്ചുവാങ്ങി സൂക്ഷിക്കേണ്ടതാണ്. കാർഡ് അധികാരികളെ ഏൽപ്പിക്കുന്ന പക്ഷം അതിന് രസീത് വാങ്ങി സൂക്ഷിക്കണം.

### (സി) കാർഡ് സുരക്ഷിതമായി വയ്ക്കുന്നതിനും നഷ്ടപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നിർദ്ദേശങ്ങൾ

കടൽ മത്സ്യബന്ധനത്തിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ഒരു വിലയേറിയ രേഖയാണ് ഈ തിരിച്ചറിയൽ സ്മാർട്ട് കാർഡ്. ഒരു പൗരനെന്ന നിലയിലും ~~മത്സ്യബന്ധനത്തൊഴിലാളി എന്ന നിലയിലും ഈ കാർഡ് സുരക്ഷിതമായി സൂക്ഷിക്കുക~~ എന്നത് ഒരു കടമയാണ്. ഇത് സുരക്ഷിതമായി വെക്കുന്നതിന് താഴെ പറയുന്ന മുൻകരുതലുകൾ എടുക്കേണ്ടതാണ്.

1. കാർഡ് ദുരുപയോഗം ചെയ്യുന്നതും തെറ്റിദ്ധരിപ്പിക്കുന്നതും തടയുക.
2. തീ, വെള്ളം, ഇലക്ട്രോണിക് സമ്പർക്കം ഒഴിവാക്കുക. മൈക്രോപ്രോസസർ ചിപ്പ്, ഫോട്ടോ മുതലായവയ്ക്ക് കേടു സംഭവിക്കുന്നത് ഒഴിവാക്കുന്നതിനാണിത്.
3. മൊബൈൽ/സെൽഫോണിനോടൊപ്പം കാർഡ് സൂക്ഷിക്കരുത്
4. ഈ കാർഡ് മടക്കുകയോ ഒടിക്കുകയോ ചെയ്താൽ മൈക്രോപ്രോസസർ ചിപ്പ് പുറത്തേക്കു വരികയും ഉപയോഗ ശൂന്യമാവുകയും ചെയ്യുമെന്നതിനാൽ പ്രത്യേകം ശ്രദ്ധിയ്ക്കുക.

*********

Jayasree
സെക്ഷൻ ഓഫീസർ